159

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പലവക വ്യക്തി നിയമങ്ങൾ (വ്യാപിപ്പിക്കൽ) ആക്റ്റ്, 1959

(1959-ലെ 48-ാം നമ്പർ ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

വില :

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# പലവക വ്യക്തി നിയമങ്ങൾ (വ്യാപിപ്പിക്കൽ) ആക്റ്റ്, 1959

## (1959-ലെ 48-ാം നമ്പർ ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1976

# പലവക വ്യക്തി നിയമങ്ങൾ (വ്യാപിപ്പിക്കൽ) ആക്റ്റ്, 1959

(1959-ലെ 48-ാം നമ്പർ ആക്റ്റ്)

ചില വ്യക്തി നിയമങ്ങൾ ഇൻഡ്യയുടെ, ഇപ്പോൾ അവ പ്രാബല്യത്തിലില്ലാത്ത ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കാൻ വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ്

[1959 ഡിസംബർ, 4.]

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ പത്താം സംവൽസരത്തിൽ, ഇതിനാൽ പാർലമെന്റ് താഴെ പറയും പ്രകാരം, അധിനിയമം ചെയ്തിരിക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് പലവക വ്യക്തി നിയമങ്ങൾ വ്യാപിപ്പിക്കൽ ആക്റ്റ്, 1959 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് കേന്ദ്രഗവൺമെന്റ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. നിർവ്വചനം.—ഈ ആക്റ്റിൽ, "നിശ്ചയിക്കപ്പെട്ട ദിവസം" എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന ദിവസം എന്നർത്ഥമാകുന്നു.

3. ചില ആക്റ്റുകൾ വ്യാപിപ്പിക്കലും ഭേദഗതി ചെയ്യലും.—നിശ്ചയിക്കപ്പെട്ട ദിവസവും, അന്നുമുതല്ക്കും I-ാം പട്ടികയിൽ വിനിർദ്ദിഷ്ടമായ നിയമങ്ങൾ, അതിൽ വിനിർദ്ദിഷ്ടമായ രീതിയിൽ ഭേദഗതി ചെയ്യപ്പെട്ടിരിക്കുന്നതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) നിശ്ചയിക്കപ്പെട്ട ദിവസവും അന്നുമുതല്ക്കും, II-ാം പട്ടികയിൽ വിനിർദ്ദിഷ്ടമായ അധിനിയമങ്ങളും I-ാം പട്ടികയിൽ വിനിർദ്ദിഷ്ടമായ ആക്റ്റുകൾക്ക് തൽസ്ഥാനീയമായ മററു അധിനിയമങ്ങളും, ആ ദിവസത്തിനു തൊട്ടുമുമ്പ് യഥാക്രമം അവ വ്യാപിച്ചിരുന്ന രാജ്യക്ഷേത്രങ്ങളിൽ റദ്ദാക്കപ്പെട്ട നിലയിലിരിക്കുന്നതാകുന്നു.

(2) (1)-ാം ഉപവകുപ്പിലെ യാതൊന്നും—

(ക) അപ്രകാരം റദ്ദാക്കപ്പെട്ട ഏതെങ്കിലും അധിനിയമത്തിന്റെ മുൻപ്രവർത്തനത്തേയോ, അതിൻകീഴിൽ മുറപ്രകാരം ചെയ്തതോ അനുഭവിച്ചതോ ആയ എന്തിനേയെങ്കിലുമോ ; അല്ലെങ്കിൽ

(ഖ) അപ്രകാരം റദ്ദാക്കപ്പെട്ട ഏതെങ്കിലും അധിനിയമത്തിൻകീഴിൽ, ആർജ്ജിച്ചിട്ടുള്ളതോ, സിദ്ധിച്ചിട്ടുള്ളതോ, നേരിട്ടിട്ടുള്ളതോ ആയ ഏതെങ്കിലും അവകാശത്തേയോ വിശേഷാവകാശത്തേയോ കടപ്പാടിനേയോ, ബാദ്ധ്യതയേയോ; അല്ലെങ്കിൽ

(ഗ) അപ്രകാരം റദ്ദാക്കപ്പെട്ട ഏതെങ്കിലും അധിനിയമത്തിനെതിരായി ചെയ്ത ഏതെങ്കിലും കുററം സംബന്ധിച്ച് നേരിട്ടിട്ടുള്ള ഏതെങ്കിലും ദണ്ഡനത്തേയോ, നഷ്ടപ്പെടലിനേയോ, ശിക്ഷയേയോ, അല്ലെങ്കിൽ

(ഘ) മുൻപറഞ്ഞതുപോലെയുള്ള ഏതെങ്കിലും അവകാശമോ വിശേഷാവകാശമോ, കടപ്പാടോ, ബാദ്ധ്യതയോ, ദണ്ഡനമോ, നഷ്ടപ്പെടലോ, ശിക്ഷയോ സംബന്ധിച്ച ഏതെങ്കിലും അന്വേഷണത്തേയോ, നിയമനടപടിയേയോ നിവൃത്തി മാർഗ്ഗത്തേയോ,

ബാധിക്കുന്നതല്ലാത്തതും,

ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നെങ്കിലെന്നപോലെ അങ്ങനെയുള്ള ഏതെങ്കിലും അന്വേഷണമോ, നിയമനടപടിയോ, നിവൃത്തിമാർഗ്ഗമോ ആരംഭിക്കുകയോ തുടരുകയോ നടപ്പിലാക്കുകയോ ചെയ്യാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും ദണ്ഡനമോ, നഷ്ടപ്പെടലോ, ശിക്ഷയോ ചുമത്താവുന്നതും ആകുന്നു :

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും അധിനിയമത്തിൻകീഴിൽ ചെയ്ത ഏതെങ്കിലുമോ എടുത്ത ഏതെങ്കിലും നടപടിയോ, ബന്ധപ്പെട്ട രാജ്യക്ഷേത്രത്തിലേക്ക് ഇപ്പോൾ വ്യാപിപ്പിച്ച ആക്റ്റിലെ തൽസ്ഥാനീയ വ്യവസ്ഥയിൻകീഴിൽ ചെയ്തതോ, എടുത്തതോ ആയി കരുതപ്പെടുന്നതും, അങ്ങനെ മേൽപറഞ്ഞ ആക്റ്റിൻകീഴിൽ ചെയ്ത ഏന്തെങ്കിലുമോ, എടുത്ത ഏതെങ്കിലും നടപടിയോ പുറന്തള്ളാത്തപക്ഷവും പുറന്തള്ളുന്നതുവരേയും, അപ്രകാരം പ്രാബല്യത്തിൽ ഇരിക്കുന്നതാകുന്നു.

## പട്ടിക I

(3-ാം വകുപ്പ് നോക്കുക)

### മതപരിവർത്തനം ചെയ്തവരുടെ വിവാഹവിഘടനം ആക്റ്റ്, 1866 (1866–ലെ 21)

വകുപ്പ് 35.—"1956 നവംബർ 1-ാം തീയതിക്ക് തൊട്ടുമുമ്പ് 'ഖ' ഭാഗം സ്റ്റേറ്റുകളിൽ ഉൾക്കൊണ്ടിരുന്ന രാജ്യക്ഷേത്രങ്ങൾ ഒഴികെ" എന്നതിനു പകരം "ജമ്മു-കാശ്മീർ സ്റ്റേറ്റും, മണിപ്പൂർ യൂണിയൻ രാജ്യക്ഷേത്രവും ഒഴികെ" എന്നത് ചേർക്കുക.

### ആനന്ദ് വിവാഹ ആക്റ്റ്, 1909 (1909–ലെ 7)

വകുപ്പ് 1.—(2)-ാം ഉപവകുപ്പിൽ, "1956 നവംബർ (1)-ാം തീയതിക്ക് തൊട്ടുമുമ്പ് 'ഖ' ഭാഗം സ്റ്റേറ്റുകളിൽ ഉൾക്കൊണ്ടിരുന്ന രാജ്യക്ഷേത്രങ്ങൾ ഒഴികെ" എന്നതിനു പകരം, "ജമ്മു-കാശ്മീർ സ്റ്റേറ്റ് ഒഴികെ" എന്നതു ചേർക്കുക.

### ഹിന്ദു വസ്തുവിനിയോഗ ആക്റ്റ്, 1916 (1916-ലെ 15)

വകുപ്പ് 1.—(2)-ാം ഉപവകുപ്പിനു പകരം,—

"(2) ഇത് ജമ്മു-കാശ്മീർ സ്റ്റേറ്റ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്" എന്നത് ചേർക്കുക.

### ഹിന്ദു അനന്തരാവകാശ (അവശതകൾ നീക്കംചെയ്യൽ) ആക്റ്റ്, 1928 (1928–ലെ 12)

വകുപ്പ് 1.—(2)-ാം ഉപവകുപ്പിൽ, "1956 നവംബർ 1-ാം തീയതിക്ക് തൊട്ടുമുമ്പ് 'ഖ' ഭാഗം സ്റ്റേറ്റുകളിൽ ഉൾക്കൊണ്ടിരുന്ന രാജ്യക്ഷേത്രങ്ങൾ ഒഴികെ" എന്നതിനു പകരം, "ജമ്മു-കാശ്മീർ സ്റ്റേറ്റ് ഒഴികെ" എന്നത് ചേർക്കുക.

വകുപ്പ് 2.—"അനന്തരാവകാശത്തിനോ" വിട്ടുകളയുക.

## ഹിന്ദുവിദ്യാപ്രാപ്തലാഭ ആക്റ്റ്, 1930 (1930—ലെ 30)

വകുപ്പ് 1—(2)-ാം ഉപവകുപ്പിൽ, "1956 നവംബർ 1-ാം തീയതിക്ക് തൊട്ടുമുമ്പ് ഖ ഭാഗം സ്റ്റേറ്റുകളിൽ ഉൾക്കൊണ്ടിരുന്ന രാജ്യക്ഷേത്രങ്ങൾ ഒഴികെ" എന്നതിനുപകരം "ജമ്മു-കാശ്മീർ സ്റ്റേറ്റ് ഒഴികെ" എന്നത് ചേർക്കുക.

## മുസ്ലീം വ്യക്തിനിയമം (ശരിയാത്ത്) ബാധകമാക്കൽ ആക്റ്റ്, 1937 (1937—ലെ 26)

വകുപ്പ് 1.—(2)-ാം വകുപ്പിൽ, "1956—ലെ നവംബർ 1-ാം തീയതിക്ക് തൊട്ടുമുമ്പുള്ള ഖ ഭാഗം സ്റ്റേറ്റുകളിൽ ഉൾക്കൊണ്ടിരുന്ന രാജ്യക്ഷേത്രങ്ങൾ ഒഴികെ" എന്നതിനുപകരം, "ജമ്മു—കാശ്മീർ സ്റ്റേറ്റ് ഒഴികെ" എന്നത് ചേർക്കുക.

## മുസ്ലീം വിവാഹവിഘടന ആക്റ്റ്, 1939 (1939—ലെ 3)

വകുപ്പ്.—(2)-ാം ഉപവകുപ്പിൽ, "1956 നവമ്പർ 1-ാം തീയതിക്കുതൊട്ടുമുമ്പ് ഖ ഭാഗം സ്റ്റേറ്റുകളിൽ ഉൾക്കൊണ്ടിരുന്ന രാജ്യക്ഷേത്രങ്ങൾ ഒഴികെ" എന്നതിനുപകരം "ജമ്മു-കാശ്മീർ സ്റ്റേറ്റ് ഒഴികെ" എന്നത് ചേർക്കുക.

### പട്ടിക II

[വകുപ്പ് 4 (1) നോക്കുക]

ഹിന്ദു കൈമാററവും ഒസ്യത്തുചെയ്യലും (മദ്രാസ്സിററി) ആക്റ്റ്, (1921—ലെ 8)

ഹൈദരാബാദ് ഹിന്ദുവിദ്യാപ്രാപ്തലാഭ ആക്റ്റ്, 1344 എഫ് (1344 എഫ്-ലെ 5—ാം ഹൈദരാബാദ് ആക്റ്റ്)

ഹൈദരാബാദ് (കേന്ദ്ര ആക്റ്റുകൾ ബാധകമാക്കൽ) ആക്റ്റ്, 1952 (1952-ലെ 48-ാം ഹൈദരാബാദ് ആക്റ്റ്) അത് പട്ടിക 1—ൽ വിനിർദ്ദിഷ്ടമായ ആക്റ്റുകളിൽ ഏതിനെങ്കിലും സംബന്ധിക്കുന്നിടത്തോളം.

ആന്ധ്രപ്രദേശ് (നിയമങ്ങൾ വ്യാപകമാക്കൽ) ആക്റ്റ്, 1958 (1958-ലെ 23-ാം ആന്ധ്രപ്രദേശ് ആക്റ്റ്) അത് ഹിന്ദുവിദ്യാപ്രാപ്തലാഭ ആക്റ്റ് 1930-നെ സംബന്ധിക്കുന്നിടത്തോളം.

സൗരാഷ്ട്ര സ്റ്റേറ്റ് (കേന്ദ്ര ബോംബെ ആക്റ്റുകൾ ബാധകമാക്കൽ) ആർഡിനൻസ്, 1948, (1948-ലെ 25-ാം ആർഡിനൻസ്), അത്

(ക) ഹിന്ദു അനന്തരാവകാശ (അവശതകൾ നീക്കൽ) ആക്റ്റ്, 1928 (1928-ലെ 12),

(ഖ) ഹിന്ദുവിദ്യാപ്രാപ്തലാഭ ആക്റ്റ്, 1930 (1930—ലെ 30),

എന്നിവയെ സംബന്ധിക്കുന്നിടത്തോളം

സൗരാഷ്ട്രമുസ്ലീം വിവാഹവിഘടന ആക്റ്റ്, 1952 (1952-ലെ 26-ാം സൗരാഷ്ട്ര ആക്റ്റ്)

തിരുവിതാംകൂർ മുസ്ലീം പിൻതുടർച്ച ആക്റ്റ്, 1108 (1108—ലെ 11)

കൊച്ചി മുസ്ലീം പിൻതുടർച്ച ആക്ററ്, 1108 (1108-ലെ 15)

തിരുവിതാംകൂർ ഹിന്ദു അനന്തരാവകാശ (അവശതകൾ നീക്കൽ) ആക്ററ്, 1114 (1114—ലെ 18)

തിരുവിതാംകൂർ ഹിന്ദുവിദ്യാപ്രാപ്തലാഭ ആക്ററ്, 1117 (1117-ലെ 3)

കൊച്ചി മുസ്ലീം വിവാഹവിഘടന ആക്ററ്, 1120 (1120-ലെ 22)

മദ്ധ്യഭാരത് (നിയമങ്ങൾ സ്വീകരിക്കൽ) ആക്ററ്, സംവത് 2009 (1953-ലെ 1-ാം ആക്ററ്), അത്

(ക) ആനന്ദ്‌വിവാഹ ആക്ററ്, 1909 (1909-ലെ 7)

(ഖ) ഹിന്ദുവസ്തുവിനിയോഗ ആക്ററ്, 1916 (1916—ലെ 15)

(ഗ) ഹിന്ദു അനന്തരാവകാശ (അവശതകൾ നീക്കൽ) ആക്ററ്, 1928, (1928-ലെ 12)

(ഘ) ഹിന്ദുവിദ്യാപ്രാപ്തലാഭ ആക്ററ്, 1930 (1930—ലെ 30)

(ങ) മുസ്ലീം വ്യക്തി നിയമം (ശരിയാത്ത്) ബാധകമാക്കൽ ആക്ററ് 1937 (1937-ലെ 26) എന്നിവയെ സംബന്ധിക്കുന്നിടത്തോളം.

മദ്ധ്യഭാരതമുസ്ലിം വിവാഹവിഘടന ആക്ററ്, 1956 (1956-ലെ 14)

മദ്രാസ് ഹിന്ദു കൈമാററവും ഒസ്യത്തു ചെയ്യലും ആക്ററ്, 1914 (1914-ലെ 1-ാം മദ്രാസ് ആക്ററ്)

മൈസൂർ മതപരിവർത്തനം ചെയ്തവരുടെ വിവാഹവിഘടനം ആക്ററ് 1956 (1956—ലെ 21—ാം മൈസൂർ ആക്ററ്) മൈസൂറിലേക്ക് വ്യാപിപ്പിച്ച പ്രകാരം.

മൈസൂർ ഹിന്ദുനിയമം (സ്ത്രീകളുടെ അവകാശങ്ങൾ) ആക്ററ്, 1933—ലെ (1933-ലെ 10-ാം മൈസൂർ ആക്ററ്) 6-ാം വകുപ്പ്.

മൈസൂർ ഹിന്ദു അനന്തരാവകാശ (അവശതകൾ നീക്കൽ ആക്ററ്) 1930 (1930-ലെ 5-ാം മൈസൂർ ആക്ററ്)

മൈസൂർ മുസ്ലിം വിവാഹവിഘടന ആക്ററ്, 1943 (1943-ലെ 43-ാം മൈസൂർ ആക്ററ്)

യുണൈറഡ്സ്റേററ് ആഫ് രാജസ്ഥാൻ മുസ്ലീം വ്യക്തി നിയമം (ശരിയാത്ത്) ബാധകമാക്കൽ ആർഡിനൻസ്, 1949 (1949—ലെ 14)

രാജസ്ഥാൻ (കേന്ദ്രനിയമങ്ങളുടെ അനുയോജനം) ആർഡിനൻസ് 1950 1950-ലെ 4, അത്

(ക) ആനന്ദ്‌വിവാഹ ആക്ററ്, 1909 (1909—ലെ 7)

(ഖ) ഹിന്ദു വസ്തു വിനിയോഗ ആക്ററ് 1916 (1916-ലെ 15)

(ഗ) ഹിന്ദു അനന്തരാവകാശ (അവശതകൾ നീക്കൽ) ആക്ററ്, 1928 (1923-ലെ 12)

(ഘ) ഹിന്ദുവിദ്യാപ്രാപ്തലാഭ ആക്ററ്, 1930 (1930—ലെ 30)

(ങ) മുസ്ലീം വിവാഹവിഘടന ആക്ററ്, 1939 (1939—ലെ 8) എന്നിവയെ സംബന്ധിക്കുന്നിടത്തോളം.